# ഹദീഥ്: ചേകനൂരിസം പരിണാമങ്ങളിലൂടെ

## അബ്ദുൽ മാലിക് മൊറയൂർ

ഹദീഥ് നിഷേധത്തിലൂടെ സർവ്വമതസത്യവാദമെന്ന വ്യക്തമായ കുഫ്രിയ്യത്തിലേക്ക് വഴിനടന്ന ചേകന്നൂരിസത്തിന് അതിന്റെ തുടക്കവും ഒടുക്കവും തമ്മിൽ അജഗജാന്തരമുണ്ട്. നിരവധി പരിണാമദശകൾ പിന്നിട്ടാണ് ചേകന്നൂരിസം ഇന്നീകാണുന്ന കോലത്തിൽ എത്തിച്ചേർന്നത്. കുറഞ്ഞ കാലത്തിനിടക്ക് 'എന്തൊരു ചെയിഞ്ച്' എന്ന് കാണുന്നവർ പറയുമാറ് ഓന്തിനെപ്പോലും നാണിപ്പിക്കുന്ന രീതിയിലുള്ള ആദർശ നിറമാറ്റങ്ങളാണ് ചേകന്നൂരിസത്തിൽ സംഭവിച്ചത്. ചേകന്നൂർ ആദ്യം പറഞ്ഞതും വാദിച്ചതുമായ കാര്യങ്ങൾ മുഴുവനും തന്നെ അവസാനമായപ്പോഴേക്കും തോട്ടിലെറിഞ്ഞിട്ടുണ്ട്. ചേകന്നൂരിസം മാറ്റി പറഞ്ഞകാര്യങ്ങൾ എണ്ണുകയാണെങ്കിൽ അതിന് പ്രത്യേകം പുസ്തകം തന്നെ പ്രസിദ്ധീകരിക്കേണ്ടി വരും. അതിനാൽ അടിസ്ഥാന വിഷയങ്ങളിൽ ഒന്നായ ഹദീഥിൽ മാത്രം ചേകന്നൂരിസത്തിൽ സംഭവിച്ച പരിണാമങ്ങളെക്കുറിച്ചാണ് ഇവിടെ പരാമർശിക്കാൻ ഉദ്ദേശിക്കുന്നത്.

കുബുദ്ധിയുടെ കൊടുമുടി കയറിയ ചേകന്നൂരിന് വ്യക്തമായിട്ടറിയാമായിരുന്നു, ഹദീഥ് പ്രമാണമല്ല എന്ന് ഒറ്റയടിക്കങ്ങ് വിളിച്ചുപറഞ്ഞാൽ അത് സ്വീകരിക്കാൻ ഈ കേരള മണ്ണിൽ ചേകന്നൂരിനെയല്ലാതെ മറ്റൊരു ജീവിയേയും കിട്ടില്ല എന്ന്. അതുകണ്ടുതന്നെ ആദ്യം അദ്ദേഹം കൈവെച്ചത് ഹദീഥിലായിരുന്നില്ല. ഇജ്മാഉലും ഖിയാസിലുമായിരുന്നു. ക്വുർആനും സുന്നത്തും മാത്രമാണ് നമ്മുടെ പ്രമാണമെന്നും അതല്ലാത്ത ഇജ്മാഉം ഖിയാസും നമ്മളംഗീകരിക്കേണ്ടതില്ലെന്നുമാണ് അദ്ദേഹത്തിന്റെ ആദ്യവെടി. അദ്ദേഹം തന്നെ പറയട്ടെ:'' ക്വുർആനും സുന്നത്തും മാത്രമാണ് ഞങ്ങളുടെ പ്രമാണങ്ങൾ. അതുകൊണ്ടും തെളിയാത്തതൊന്നും തന്നെ ഇജ്മാഅ് എന്നോ ഖിയാസ് എന്നോ പേരിൽ പ്രമാണമാക്കാൻ പാടുള്ളതല്ല. ഇതാണ് ഞങ്ങളുടെ പ്രഖ്യാപനം'' *(നിരീക്ഷണം മാസിക 1969 ജൂൺ എഡിറ്റോറിയൽ പേജ്. 5)*

''ക്വുർആൻ കൊണ്ടും സുന്നത്തുകൊണ്ടും തെളിയാത്തതൊന്നും തന്നെ ഇജ്മാഅ് എന്നോ ഖിയാസ് എന്നോ പേരിൽ പ്രമാണമാക്കാൻ പാടില്ല.'' *(അതേ ലക്കം പേജ്. 21)*

അപ്പോൾ ഇജ്മാഉം ഖിയാസുമില്ലാതെ ക്വുർആനും സുന്നത്തും മാത്രമാണ് പ്രമാണം എന്ന് വാദിച്ചു തുടങ്ങിയ ചേകന്നൂരിന് അക്കാലത്ത് ഹദീഥ് പ്രമാണമാണ് എന്ന കാര്യത്തിൽ യാതൊരുവിധ സംശയവും ഉണ്ടായിരുന്നില്ല എന്നുമാത്രമല്ല ക്വുർആനും സുന്നത്തും സ്വീകരിക്കുന്നവർ മാത്രമാണ് യഥാർത്ഥവിശ്വാസി എന്നുവരെ അദ്ദേഹം പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വാചകങ്ങൾ കാണുക: ''ക്വുർആനും സുന്നത്തും മാത്രമാണ് ഞങ്ങളുടെ പ്രമാണങ്ങളെന്ന് മടക്കിപ്പറയാത്ത കാലത്തോളം സമുദായം ഈ പണ്ഡിതന്മാരെ വിശ്വസിക്കുകയില്ല. വിശ്വസിക്കാൻ പാടുള്ളതുമല്ല.'' *(നിരീക്ഷണം 1969 ജൂൺ പേജ്. 5)*

സുന്നത്തുകളെ പ്രമാണമായംഗീകരിച്ച ചേകന്നൂർ പിന്നീട് ചെയ്തത് സുന്നത്തിനെതിരെ തന്റെ ആദ്യത്തെ അമ്പ് വിടുകയായിരുന്നു. ഹദീഥുകള് പ്രമാണമാണ്; പക്ഷെ അവ സ്വീകരിക്കണമെങ്കിൽ രണ്ട് സാക്ഷികൾ ഉണ്ടായിരിക്കണം. അതില്ലാത്ത എല്ലാ ഹദീഥുകളും തള്ളേണ്ടതാണ്! ഇതാണ് ചേകന്നൂരീ പരിണാമദശയിലെ രണ്ടാംഘട്ടം. 12–5–1969 ന് വണ്ടൂരിൽ നടന്ന മുജാഹിദുകളുമായുള്ള വാദപ്രതിവാദത്തിൽ ചേകന്നൂർ എഴുതിക്കൊടുത്ത വാദങ്ങളിൽ ഒന്നാമത്തെ വാദം ''ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ ക്വുർആനും ചുരുങ്ങിയത് രണ്ട് സാക്ഷികൾ കൊണ്ടെങ്കിലും നബിയുടേതാണെന്ന് സ്ഥാപിക്കപ്പെട്ട സുന്നത്തും മാത്രമാണ്. അത് രണ്ടുകൊണ്ടും തെളിയാത്തതൊന്നും ഇജ്മാഅ് എന്നോ ഖിയാസ് എന്നോ പേരിൽ പ്രമാണമാക്കാൻ പാടുള്ളതല്ല'' എന്നായിരുന്നു. *(നിരീക്ഷണം 1969 ജൂൺ 17 പേജ്. 17)*

സത്യത്തിൽ ഹദീഥ് സ്വീകരിക്കാൻ രണ്ട് സാക്ഷികൾ വേണം എന്ന നിബന്ധന ഹദീഥുകളെ പൂർണമായി തള്ളുന്നതിനുള്ള ഒന്നാമത്തെ ചവിട്ടുപടിയായിരുന്നു. രണ്ട് സാക്ഷീവാദവുമായി ഊരുതെണ്ടിയ ചേകന്നൂരിന്റെ തനി

നിറം പുറത്തുവരാൻ അധികം താമസിച്ചില്ല. ഹദീഥുകളെ പരിപൂർണമായും നിഷേധിച്ച്, അബൂഹുറൈറ(റ)നെ ജൂതനായി ചിത്രീകരിച്ച്, ഹദീഥ് പണ്ഡിതന്മാരെ മുഴുവൻ ജൂത ഏജന്റുകളായി അവതരിപ്പിച്ച് തന്റെ പരിണാമദശയിലെ മൂന്നാം ഘട്ടത്തിലേക്ക് ചേകന്നൂർ പ്രവേശിച്ചു. ക്വുർആൻ മാത്രമേ പ്രമാണമുള്ളൂ എന്നും ഹദീഥു ഗ്രന്ഥങ്ങളെല്ലാം തന്നെ വാറോലകളാണെന്നുമാണ് ഈ ഘട്ടത്തിലെത്തിയപ്പോൾ അദ്ദേഹം വാദിക്കാൻ തുടങ്ങിയത്. തന്റെ ഗ്രന്ഥങ്ങളിലെല്ലാം തന്നെ ഈവാദമാണ് അദ്ദേഹം പ്രധാനമായും ഉന്നയിക്കുന്നത്. അദ്ദേഹം പറയുന്നു: ''ക്വുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. ഹദീഥുഗ്രന്ഥങ്ങളാവട്ടെ അവ മുഴുവനും മനുഷ്യ നിർമിതങ്ങളും കണക്കില്ലാത്ത ജൂതായിസങ്ങൾ കുത്തി നിറക്കപ്പെട്ടവയുമാണ്. *(നമസ്കാരം മൂന്ന് മാത്രം. സി.എൻ. മൗലവിക്ക് ചുട്ടമറുപടി. പേജ്. 23)*

ഹദീഥിനെ നിഷേധിക്കാൻ പ്രവാചകനെ കുറച്ചുകാണിക്കാൻ വരെ അദ്ദേഹം ധിക്കാരം കാണിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ കാണുക. 'അന്ത്യനാൾ'വരെയുണ്ടാകാൻ പോകുന്ന സകല മനുഷ്യരുടേയും സ്ഥിതിഗതികൾ അറിഞ്ഞുകൊണ്ടും അവയെ മുഴുവൻ വിലയിരുത്തിക്കൊണ്ടും സർവ്വജ്ഞനായ അല്ലാഹു രൂപപ്പെടുത്തിയ വാക്യസമൂഹമാണ് വിശുദ്ധക്വുർആൻ. നേരെ മറിച്ച് സ്വന്തം അണികൾക്കിടയിൽ കടന്നുകൂടിയ മുനാഫിഖുകളെപോലും അറിയാൻ കഴിയാത്ത (വി.ക്വു 9:101) അല്ലാഹുവിനെ അപേക്ഷിച്ച് വളരെ കുറഞ്ഞ അറിവ് മാത്രമുള്ള ഒരു മനുഷ്യ പ്രവാചകന്റെ വാക്യമാണ് ഹദീഥ്'' *(അതേ. ഗ്രന്ഥം പേജ്. 26)* എന്തൊരു കുഫ്രിയ്യത്ത്! പ്രവാചകനെ മാത്രമല്ല സഹാബത്തിനെയും പരിഹസിച്ചും ചീത്തവിളിച്ചും അദ്ദേഹം പുസ്തകം തന്നെ എഴുതി. 'അബൂഹുറൈറയുടെ തനിനിറം' എന്ന പുസ്തകം ഒരുദാഹരണം മാത്രം. എന്നാൽ മുഅ്മിനായ സഹാബത്തിനെ കാഫിറാക്കിയ ചേകന്നൂർ കാഫിറായ അബൂത്വാലിബിനെ മുഅ്മിനാക്കാനും മെനക്കെട്ടു. മരണംവരെ നബിയെയും ഇസ്‌ലാമിനേയും സംരക്ഷിക്കാനായി കഠിന ത്യാഗങ്ങൾ സഹിച്ച ഒരു സഹാബി എന്നാണ് കാഫിറായ അബൂത്വാലിബിനെ അദ്ദേഹം വിശേഷിപ്പിച്ചത്. *(നമസ്കാരം മൂന്നുമാത്രം. പേജ്. 142)*

ചുരുക്കത്തിൽ ഇജ്മാഇനേയും ഖിയാസിനേയും നിഷേധിച്ച് തുടക്കമിട്ട ഹദീഥിന്റെ വിഷയത്തിലെ പരിണാമം ചെന്നവസാനിച്ചത് സമ്പൂർണ ഹദീഥ് നിഷേധത്തിലും സഹാബികളെ കാഫിറാക്കുന്നതിലും കാഫിറുകളെ സ്വഹാബികളാക്കുന്നതിലുമാണ്.